# മാലിന്യ സംഭരണവും സംസ്ക്കരണവും മേയറും ഡെപ്യൂട്ടി മേയറും കളത്തിലിറങ്ങി പ്രവർത്തിക്കുക

നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏറ്റവും പ്രധാന കടമയാണ് ഓരോ വീട്ടിലും സ്ഥാപനങ്ങളിൽനിന്നും ഓരോ ദിവസവും മാലിന്യം ശേഖരിച്ച് സംസ്ക്കരിക്കുക എന്നത്. ഈ ദൗത്യം ശരിയാംവണ്ണം നിർവഹിക്കുന്നതിനുള്ള അധികാരവും ജോലിക്കാരും അവർക്ക് നിയമത്തിലൂടെതന്നെ ലഭ്യമാക്കിയിട്ടുണ്ട്. ജോലിക്കാരുടെ മേൽനോട്ടം വഹിക്കാൻ ഉദ്യോഗസ്ഥന്മാർക്ക് പുറമെ ജനപ്രതിനിധികളുമുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സ്റ്റാന്റിംഗ് കമ്മിറ്റികളുണ്ട്. ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ് മാലിന്യസംസ്ക്കരണത്തിന്റെ ചുമതല. ഈ കമ്മിറ്റി ഭാരവാഹികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തൊഴിലാളികളും ആത്മാർത്ഥമായി ജോലി ചെയ്തിരുന്നെങ്കിൽ കേരളത്തിൽ ഒരിടത്തും ഒരു മാലിന്യപ്രശ്നവും ഉണ്ടാകുമായിരുന്നില്ല. ഇന്ന് കേരളം ഒട്ടുകെ മാലിന്യവും അതുണ്ടാക്കുന്ന കൊതുക്, ഈച്ചശല്യവും അവ പരത്തുന്ന പകർച്ചപ്പനിയും വലിയ ദുരന്തരൂപം പ്രാപിച്ചിരിക്കുന്നു.

ഈ പ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്ന കൊച്ചിനഗരത്തിന്റെ ഉദാഹരണത്തിലൂടെ സംസ്ഥാന ഒട്ടുക്ക് പ്രശ്നപരിഹാരം എങ്ങനെ കാണാം എന്നു വിവരിക്കട്ടെ. തൊഴിലാളികളെ കൊണ്ട് ജോലിചെയ്യിക്കാൻ ഹെൽത്ത് ഇൻസ്പെക്ടറും, രണ്ടോ മൂന്നോ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും നഗരസഭയുടെ ഓരോ സർക്കിളിലുമുണ്ട്. കൊച്ചി നഗരസഭയ്ക്കാണെങ്കിൽ ഇങ്ങനെ 22 സർക്കിളുകൾ. കൊച്ചി നഗരസഭയുടെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗങ്ങളായിട്ടുള്ളത് ഒൻപത് കൗൺസിലർമാർ, ഒരാൾ ചെയർമാൻ. സർക്കാരിന്റെ ആരോഗ്യമന്ത്രിയുടെ അതേ ചുമതലയും സ്ഥാനവുമാണ് ഈ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാന് നിയമം നൽകിയിരിക്കുന്നത്.

സാനിട്ടറി വകുപ്പിന്റെ മേൽനോട്ടം വഹിക്കാൻ ഹെൽത്ത് ഓഫീസറും അദ്ദേഹത്തിന്റെ സഹായികളും ഉണ്ട്. എല്ലാറ്റിന്റെയും ചുമതലയേറ്റെടുക്കാൻ സെക്രട്ടറിയും അഡീഷണൽ സെക്രട്ടറിയുമുണ്ട്. കോർപ്പറേഷന്റെ മേയർ, ഡെപ്യൂട്ടി മേയർ തുടങ്ങിയ വി.ഐ.പികൾ ഇതിനെല്ലാം പുറമെ.

കേരള മുനിസിപ്പാലിറ്റീസ് ആക്ടിലും പഞ്ചായത്ത് ആക്ടിലും വ്യക്തമായി പറയുന്നുണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ദൗത്യം മാലിന്യ സംഭരണവും സംസ്കരണവുമാണെന്ന്. വീടുകളിലുണ്ടാകുന്ന മാലിന്യങ്ങൾ വളരെ എളുപ്പത്തിൽതന്നെ ഓരോ വീട്ടിലും മണ്ണിൽ അലിയുന്നതും അലിയാത്തതുമെന്ന് തരംതിരിച്ച് വയ്ക്കാവുന്നതാണ്. ഭക്ഷ്യസാധനങ്ങളുടെ അവശിഷ്ടങ്ങളും അടുക്കളയിലുണ്ടാകുന്ന മാലിന്യങ്ങളും മണ്ണിൽ അലിയുന്നവയാണ്. കണ്ണാടിച്ചില്ല്, ലോഹങ്ങൾ, പ്ലാസ്റ്റിക് തുടങ്ങിയവ മണ്ണിൽ അലിയാത്തവ. ഈ രണ്ടുവിഭാഗവും പ്രത്യേകം സംഭരിച്ചുവയ്ക്കാൻ കോർപ്പറേഷൻ രണ്ടു നിറത്തിലുള്ള ബക്കറ്റുകളും മറ്റും വിതരണം ചെയ്തിരുന്നു. (മേയർ മേഴ്സി വില്യംസിന്റെ കാലത്ത്). ബക്കറ്റ് വിതരണവും അതുണ്ടാക്കിയ അഴിമതി ആരോപണങ്ങളുമായി ആ പദ്ധതി കെട്ടടങ്ങി. നിശ്ചയദാർഢ്യത്തോടെ ആ പരിപാടി അന്ന് നടപ്പിലാക്കിയിരുന്നെങ്കിൽ! ഇനിയെങ്കിലും ആ പദ്ധതി പുനർജീവിപ്പിച്ച് നടപ്പിലാക്കേണ്ടത് അത്യാവശ്യം. മേയറും ഡെപ്യൂട്ടി മേയറും സെക്രട്ടറിയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരും മുഴുവൻ കൗൺസിലർമാരും ഇത് ഒരു പ്രസ്റ്റീജ് ഇഷ്യൂ ആയി കരുതി ഇതിനുവേണ്ടി ഇറങ്ങുക. Segregation at the source എന്ന തത്വം ശിരസാവഹിച്ചു ഓരോ വാർഡിലും നടപ്പിലാക്കുകതന്നെ വേണം. ഈ ഉത്തരവാദിത്വം ഏറ്റെടുക്കാൻ സമ്മതമില്ലാത്ത കൗൺസിലർമാർ ആരെങ്കിലുമുണ്ടെങ്കിൽ അവർ രാജിവച്ച് പിരിയുകയാണു വേണ്ടത്. എല്ലാവരും ചേർന്ന് ഒത്തുപിടിച്ചാൽ ഇത് നടക്കുകതന്നെ ചെയ്യും. കൊച്ചിനഗരത്തിലെ മാലിന്യ കൂമ്പാരത്തിനും മാലിന്യപ്രശ്നങ്ങൾക്കും ശാശ്വതമായ പരിഹാരം കാണാനുള്ള വഴി ഇതുതന്നെയാണ്.

ഇങ്ങനെ തരംതിരിക്കപ്പെട്ട മാലിന്യ സഞ്ചികൾ പ്രത്യേകമായി സംഭരിക്കണം. ഓരോ വാർഡിലും ഒരു സെന്റ് സ്ഥലമെങ്കിലും കോർപ്പറേഷൻ ഉടനെ കണ്ടെത്തുക. അവിടെ മണ്ണിരകമ്പോസ്റ്റ് കേന്ദ്രം സ്ഥാപിക്കുക. സ്ഥലം കൗൺസിലറും ആ പ്രദേശത്തെ വാർഡ് കമ്മിറ്റിക്കാരും റസിഡൻസ് അസോസിയേഷൻകാരും ഈ പദ്ധതിയുമായി സഹകരിക്കേണ്ടത് അത്യാവശ്യം. മുമ്പ് ഇത്തരം പ്രാദേശിക മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകൾ ഉത്തരവാദിത്വബോധമുള്ള ചില കൗൺസിലർമാരും റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികളും മുൻകയ്യെടുത്ത് കൊച്ചിനഗരത്തിൽ വിജയകരമായി നടത്തിക്കാണിച്ചിരുന്നു. ഉദാ: പനമ്പിള്ളിനഗർ, പാലാരിവട്ടം സിഗ്നൽ ജംഗ്ഷൻ, സുഭാഷ് ചന്ദ്രബോസ് റോഡ്, കെ.എസ്.ആർ.ടി.സി.ക്കു സമീപമുള്ള അംബേദ്കർ സ്റ്റേഡിയത്തിനോട് ചേർന്ന സ്ഥലം.

നമ്മുടെ മേയറും ഡെപ്യൂട്ടി മേയറും പ്രത്യേകം താല്പര്യമെടുത്ത് ഈ പദ്ധതിക്ക് പുനർജീവൻ നൽകുക. ഓരോ വാർഡിലും ഒരു മണ്ണിരകമ്പോസ്റ്റ് യൂണിറ്റെങ്കിലും അടുത്ത രണ്ടാഴ്ചയ്ക്കകം സ്ഥാപിച്ചെടുക്കുക. ഇത് നടന്നാൽ ഇന്ന് ബ്രഹ്മപുരത്തേക്ക് അയയ്ക്കുന്ന ലോറികൾ പകുതിയായി കുറയും. കോർപ്പറേഷന് വൻ തുക ലാഭിക്കുകയും ചെയ്യും. ഒരു വെടിക്ക് രണ്ടു പക്ഷി! ഈ വെല്ലുവിളി ഏറ്റെടുക്കാൻ മേയറും ഡെപ്യൂട്ടി മേയറും സധൈര്യം മുന്നോട്ടുവരുക. നഗരത്തിലെ ജനങ്ങൾ നിങ്ങളിൽനിന്ന് ഇത് ആവശ്യപ്പെടുന്നു. ഇതിന്റെ തുടർച്ചയായി കൂടുതൽ സ്ഥലങ്ങളിൽ മണ്ണിരക

ബോസ്റ്റ് യൂണിറ്റുകൾ ഉയർന്നുവന്നാൽ കൊച്ചിയുടെ മാലിന്യപ്രശ്നം തീരും. മേയറും ഡെപ്യൂട്ടി മേയറും, കൗൺസിലർമാരും, സെക്രട്ടറി, ഹെൽത്ത് ഓഫീസർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരും രാവിലെ ആറര മണിക്കുതന്നെ വിവിധ പ്രദേശങ്ങൾ സന്ദർശിക്കാൻ തുടങ്ങുക. കീഴ്ഉദ്യോഗസ്ഥന്മാരും ജോലിക്കാരും അപ്പോൾമുതൽ പ്രവർത്തന നിരതരാണെന്ന് ഉറപ്പുവരുത്തുക. റസിഡന്റ്സ് അസോസിയേഷൻ നേതാക്കളെയും  വാർഡ്കമ്മിറ്റിക്കാരെയും കൂടി കളത്തിലിറക്കുക. ഇതെല്ലാം ചെയ്താൽ കൊച്ചിനഗരം വൃത്തിയാകും. മേയർക്കും കൗൺസിലർമാർക്കും ഉദ്യോഗസ്ഥന്മാർക്കും അഭിമാനിക്കാൻ വഴിയുണ്ടാകും. കൊച്ചിയുടെ ഉദാഹരണം പിന്തുടർന്ന് കേരളത്തിലെ ഓരോ  നഗരസഭയും പഞ്ചായത്തും പ്രവർത്തിക്കാൻ തയ്യാറാകും. അങ്ങനെ കേരളത്തെ നമുക്ക് മാലിന്യ മുക്തമാക്കാം.